# കേരള വനംവകുപ്പ്
## മണ്ണാർക്കാട് ഡിവിഷൻ
### ഇ-ലേല പരസ്യം

**A4-1289/2024** **തീയതി: 04/11/2024**

മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ മണ്ണാർക്കാട് റെയിഞ്ചിലെ 1962 TP പാണക്കാടൻ സീരിസ് തോട്ടത്തിലെ അടക്കിമുറി നടത്തിയതിൽ നിന്നും ശേഖരിച്ച് തിരുവിഴാംകുന്ന് ഡമ്പിംഗ് ഡിപ്പോയിൽ സൂക്ഷിച്ചു വരുന്ന തേക്ക് ബില്ലറ്റ് താഴെ പറയുന്ന തീയതികളിൽ 16/09/2014-ലെ വോള്യം III പാർട്ട് III 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21/08/2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 04/11/2014-ലെ വോള്യം III പാർട്ട് III 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17/10/2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 24.02.2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം IV പാർട്ട് III 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 03/02/2015-ലെ പ്രൊ.(4)-29243/2013 നമ്പർ വിജ്ഞാപനങ്ങൾക്കും, 15/01/2014-ലെ ജി.ഒ.(എം.എസ്.) നമ്പർ 22/2014/വനം നമ്പർ സർക്കാർ ഉത്തരവിനും വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**മരങ്ങളുടെ വിശദവിവരങ്ങൾ**

| ക്രമ നമ്പർ | ലൊക്കേഷൻ | മരത്തിന്റെ ഇനം | എണ്ണം | ലഭിക്കാവുന്ന തടിയുടെ ഉദ്ദേശ അളവ് ($m^3$) | ലഭിക്കാവുന്ന വിറകിന്റെ ഉദ്ദേശ അളവ് ($m^3$) |
|---|---|---|---|---|---|
| 1 | മണ്ണാർക്കാട് റെയിഞ്ചിലെ 1962 ടി.പി. തിരുവിഴാംകുന്ന് ഡമ്പിംഗ് ഡിപ്പോ. | തേക്ക് ബില്ലറ്റ് | 3 lot | - | 30 MT |

**ഇ-ലേല തീയതികൾ** : 1. **15/11/2024**
2. **26/11/2024**
3. **06/12/2024**

**നിരതദ്രവ്യം** : **20,000/- രൂപ**

ഇ-ലേലം ചെയ്യുന്ന മരങ്ങൾ, വിറക് എന്നിവയ്ക്ക് 20,000/- രൂപ നിരതദ്രവ്യം ഇ-ട്രഷറി മുഖേനയോ, മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണാർക്കാട് ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ

അടയ്ക്കാവുന്നതും, ചലാൻ/ഡിമാന്റ് ഡ്രാഫ്റ്റ് ലേലത്തിന്റെ തലേദിവസം ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇ–ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമ പ്രകാരമുള്ള ലോട്ടുകളുടെ ഇ–ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ–ട്രഷറി സംവിധാനത്തിലൂടെയോ, മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണാർക്കാട് ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ, മണ്ണാർക്കാട് സബ് ട്രഷറിയിൽ ചലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം ഇ–ലേലം കൊണ്ട വസ്തുവിന്റെ ബാക്കി തുക അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ചുനൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ നൽകേണ്ടതാണ്.

ഇ–ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ഇ–ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ഇ–ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള പലജാതി മരങ്ങളുടെ അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ഇ–ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഇ–ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ /ഇ–മെയിൽ / ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,**
മണ്ണാർക്കാട്, കേരളം, പിൻ: 678582
ഫോൺ നമ്പർ: 04924-222574

**റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,**
മണ്ണാർക്കാട്. ഫോൺ നമ്പർ: 04924-225566

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
മണ്ണാർക്കാട്
(കേരളാ ഗവർണ്ണർക്കുവേണ്ടി).

സ്ഥലം : മണ്ണാർക്കാട്
തിയതി : 04/11/2024

## നിബന്ധനകൾ

1. ഇ–ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. പട്ടികയിലെ നിൽപ്പ് മരങ്ങൾ വിൽപ്പനയിലൂടെ നീക്കം ചെയ്യൽ സംബന്ധിച്ച ജോലിയ്ക്ക് വേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.
2. ഇ–ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി മരങ്ങളുടെ നിൽപ്പ്സ്ഥിതി കണ്ട്ബോദ്ധ്യപ്പെടേണ്ടതും, ആക്ഷേപങ്ങളോ, പരാതികളോ ഉണ്ടെങ്കിൽ ലേലത്തിന് മുൻപായി രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്. ലേലത്തിനു ശേഷം അവ സംബന്ധിച്ച് യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.
3. കൂടുതൽ വിവരങ്ങൾ മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ, അട്ടപ്പാടി/മണ്ണാർക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലോ എല്ലാ പ്രവർത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.
4. കൂടുതൽ തുകയ്ക്ക് ഇ–ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 35% തുകയും, 10% ഡിപ്പോസിറ്റും ലേലം അംഗീകരിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതും ടി മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.
5. ഇ–ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.
6. ഇ–ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 40 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയുടെ 5% എഫ്.ഡി.ടി.യും, വിലയും എഫ്.ഡി.ടി.യും ചേർന്ന തുകയുടെ 18% ജി.എസ്.ടി.യും, വിലയും, ജി.എസ്.ടി.യും, എഫ്.ഡി.ടി.യും ഉൾപ്പെടുന്ന തുകയുടെ 2.5% ആദായ നികുതിയും (പാൻ കാർഡ് ഇല്ലാത്തവർ 20% ആദായ നികുതി) ഒടുക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ ടി തുകകൾ ഒടുക്കാൻ കഴിയാതെ വന്നാൽ 18% പലിശ നിരക്കിൽ തുകകൾ ഒടുക്കുന്നതിന് 30 ദിവസത്തേക്കും, 24% പലിശ നിരക്കിൽ വീണ്ടും 30 ദിവസത്തേക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യുക്തംപോലെ കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്.
7. മുകളിലെ വ്യവസ്ഥ പ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ലേലക്കാരൻ ഒടുക്കിയിട്ടുള്ള എല്ലാ തുകയും സർക്കാരിലേക്ക് കണ്ടുകെട്ടി ലേലം റദ്ദ് ചെയ്യുന്നതും, ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലം ചെയ്യുമ്പോൾ ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിന് ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. പുനർലേലത്തിലുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും വീഴ്ചക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.
8. ഇപ്രകാരം നീട്ടി നൽകുന്ന തീയതിക്കുള്ളിലും നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കരാറുകാരന് ആയവയിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്. ഉടമ്പടിക്കാരൻ ചെയ്ത് തീർക്കുവാനുള്ള ബാക്കി ജോലികൾ ഡിപ്പാർട്ടുമെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചിലവും ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
9. ടി മരങ്ങളിൽ നിന്നും ശേഖരിച്ച് വയ്ക്കുന്ന തടിയും, വിറകും നീക്കം ചെയ്യാനുള്ള ലൈസൻസ് നൽകുന്നത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

10. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയോ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ, അയാളുടെ ആളുകളോ വനത്തിൽ പ്രവേശിക്കാൻ പാടുള്ളു.
11. യാതൊരു കാരണവശാലും പ്ലാന്റേഷനിലേയോ, റിസർവ്വിലേയോ മറ്റ് മരങ്ങൾക്കും, തടികൾക്കും, സമീപമുള്ള വീടുകൾക്കും, വിളകൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ വരുത്താൻ പാടില്ല. അങ്ങിനെ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ പൂർണ്ണ ഉത്തരവാദിയാകുന്നതാണ്.
12. കരാർ പ്രകാരമുള്ള ജോലിയുടെ നിർവ്വഹണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പ്രസ്തുത ജോലിക്കായി കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്കോ മറ്റ് ജോലിക്കാർക്കോ ഉണ്ടായേക്കാവുന്ന അപകടം, മരണം തുടങ്ങിയവയ്ക്കും കരാറുകാരന്റെയോ മറ്റുള്ളവരുടെയോ സാധന സാമഗ്രികൾക്കോ, യന്ത്രങ്ങൾക്കോ, വാഹനങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും വനംവകുപ്പോ, കേരള സർക്കാരോ യാതൊരുവിധത്തിലും ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും, അത്തരം സംഭവങ്ങളുടെ ഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കുന്നതുമാണ്. അവിചാരിതമായ കാരണങ്ങളാലോ, മോശമായ കാലാവസ്ഥമൂലമോ ഉടമ്പടി കാലാവധിക്കുള്ളിൽ ഉൽപ്പന്നങ്ങൾ നീക്കം ചെയ്ത് കൊണ്ടുപോകാൻ കഴിയാതെ വന്നാൽ നിയമാനുസൃത തറവാടക ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
13. മരത്തിന് 0.4 കി.മീറ്റർ (2 ഫർലോംഗ്) ചുറ്റളവിൽ സംഭവിക്കുന്ന എല്ലാവിധ അനധികൃത കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാകുന്നതാണ്. അനധികൃത കുറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ഉടമ്പടിക്കാരൻ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടാവുന്നതാണ്.
14. ഇ–ലേലത്തിലെ വകുപ്പുകൾ പ്രകാരം സർക്കാരിലേയ്ക്ക് കിട്ടേണ്ടതായ ഏതൊരു തുകയും ഡിപ്പാർട്ടുമെന്റിൽ നിന്നും ആവശ്യപ്പെടുന്ന സമയത്ത് ദർഘാസുകാരൻ/ലേലക്കാരൻ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത തുക ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം ഈടാക്കുന്നതാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽ കൂടിയും ഈ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.
15. സെയിൽ കൂപ്പുകളെ സംബന്ധിച്ച എല്ലാ പൊതുനിബന്ധനകളും ഈ ദർഘാസ്/ലേലത്തിനും ബാധകമായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
മണ്ണാർക്കാട്
(കേരളാ ഗവർണ്ണർക്കുവേണ്ടി)

# KERALA FOREST DEPARTMENT
# MANNARKKAD FOREST DIVISION

## E-AUCTION SALE NOTIFICATION

A4-1289/2024 Dated: 04/11/2024

The following quantities of teak billet collected from 1962 TP Panakkadan series under Thiruvizhamkunnu forest station in Mannarkkad Range of Mannarkkad Division will be offered for sale by e-auction on following dates.

Those who registered for auction with MSTC company only can have the right to participate in e-auction. Further details can be had from the website www.mstcsecommerce.com or phone No. 04924 222574

| Range | Name of Site | Species | Nos | Expected Qunatity of Timber $M^3$ | Expected Qunatity of firewood $M^3$ |
|---|---|---|---|---|---|
| Mannarkkad | 1962 TP Thiruvizhamkunnu dumping depot | Teak Billet | 3 lot | | 30 MT |

EMD. Rs.20,000/-

| | | |
|---|---|---|
| Date from which the relevant documents of e-auction will be available in the website | - | 15/11/2024 |
| Date on which the bidders can be participated in the e-aution | - | 26/11/2024 |
| Next auction date | - | 06/12/2024 |

The sale will be subjected to the conditions notified in the e-auction notification and the general sale conditions vide notification No. Pro(4)29243/2013 dated 21.8.2014 of Additional Principal Chief Conservator of Forest (Pro), Thiruvananthapuram published in Kerala Gazette No.36 volume III part III dated 16/9/2014, Notification No. Pro(4) 29243/2013 dated.17.10.2014 of Additional Principal Chief Conservator of Forest (Protection), Thiruvananthapuram published in Kerala Gazette No.43, Volume III , part III dated.4/11/2014 and notification No. Pro(4) 29243/2013 dated 3/2/2015 of Additional Principal Chief Conservator of Forest (Vigilance), Thiruvananthapuram published in Kerala Gazette No.08, Volume III part III dated.24/2/2015.

The Divisional Forest Officer, Mannarkkad reserves all the right to exclude any class or quantity of materials shown in the schedule above for sale. EMD amount of Rs.20,000/- can be remitted through online payment system to MSTC by 2.00 pm on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. If the sale value of bid materials is not paid within the specified time period against any of the bid lot by the bidder, the EMD will be forfeited.

The successful bidder, 35% of the bid value after adjusting the EMD already remitted shall be paid within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala.

E-Auction document and connected records are available in the website: www.mstcecommerce.com. All bids/e-auction documents are to be submitted online only and in the designated online cover(s) on the www.mstcecommerce.com website and e-auction document submitted manually/through post will not be entertained.

Online e-auction bids are to be accompanied with relevant documents. E-auction/bids received online without the scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC/the e-auction help desk number available in the www.mstcecommerce.com website and from the Office of the Divisional Forest Officer, Mannarkkad during the office hours. The details regarding e-payment (Bidders Bank account number, Where he/she is having core banking facility and email ID) should be submitted along with the e-auction document. E-auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers. The Forest department will not be responsible for any inconvenience or loss to the bidder while uploading /downloading the bid.

The bidders who wished to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer, or any other approved identity document along with the EMD through online. Those who do not produce any approved identity card or certificate will not be eligible to participate in the e-auction.

Intending persons may ensure the quantity or quality of materials put up for e-auction before the commencement of the same and no complaints will be entertained after e-auction. The quantity may become ready for sale after the publication of this notification will also be included in the tender cum auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this tender cum auction. The unsold materials in the e-auction will be placed along with the materials that may in the dumping depots on subsequent dates will be sold on the next auction date shown in the schedule and separate notification will not be published for the same.

If any modifications or change in the sale condition are intimated by the Additional Principal Chief Conservator of Forests (Protection), Thiruvananthapuram that will also be applicable to this E-auction. The undersigned reserves the right to alter the quantities of the materials mentioned in the above schedule or to cancel the e-auction of any material without further notice.

Further details and information can be had from Divisional Forest Officer, Mannarkkad (Phone:04924222574) or Range Office, Mannarkkad (Phone : 04924-225566) during working hours.

Mannarkkad
04/11/2024

Divisional Forest Officer
Mannarkkad
(For and on behalf of the Governor of Kerala)

*E:\PK\P-2024\A4\Auction\A4-1289-24 E-Auction Dt 4.11.2024.Doc*